പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2264 — 08.03.2017 -ൽ മറുപടിക്ക്

**ആതിരപ്പള്ളി ടൂറിസ്റ്റ് മേഖല**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ആതിരപ്പള്ളി ടൂറിസ്റ്റ് മേഖലയുടെ വികസനത്തിനും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | എ) ആതിരപ്പള്ളി ടൂറിസം മേഖലയുടെ വികസനത്തിനായി ഡി.ടി.പി.സി.യുടെ കൈവശമുള്ള ഒന്നര ഏക്കർ സ്ഥലത്ത് ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ടോയ് ലറ്റ് ബ്ലോക്ക് എന്നിവ ടൂറിസം വകുപ്പ് നിർമ്മിക്കുകയും ആയതിന്റെ നടത്തിപ്പ് ആതിരപ്പള്ളി - വാഴച്ചാൽ - തുമ്പൂർമുഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ നിർവഹിച്ചു വരുന്നു.<br><br>ആതിരപ്പള്ളി വെള്ളച്ചാട്ടത്തിലേക്കുള്ള നടപ്പാത, ഇരിപ്പിടങ്ങൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും കുളിക്കുന്നതിനും വസ്ത്രം മാറുന്നതിനുമുള്ള സൗകര്യങ്ങൾ, വാഴച്ചാൽ വെള്ളച്ചാട്ടത്തിന് സമീപം അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയും സർക്കാർ പൊതുമേഖലാ സ്ഥാപനമായ കിറ്റ്കോ മുഖേന നടപ്പിലാക്കിയിട്ടുണ്ട്.<br><br>ആതിരപ്പള്ളിയിൽ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ് ഏരിയ വികസനം, പബ്ലിക് പാർക്ക്, വ്യൂ പോയിന്റ് എന്നീ വികസന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുമ്പൂർമുഴിയിൽ പൂന്തോട്ടവും കുട്ടികളുടെ പാർക്ക്, ചാലക്കുടി |

പുഴയ്ക്ക് കുറുകെ തൂക്കുപാലവും നിർമ്മിച്ചിട്ടുണ്ട്. തുമ്പൂർമുഴിയിൽ എയ്റോബിക് ഡീ -കമ്പോസിഷൻ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇവിടെ ഒരു ടോയ് ലറ്റ് ബ്ലോക്ക് പദ്ധതി പരിഗണന യിലാണ്. ആതിരപ്പള്ളി- വാഴച്ചാൽ-തുമ്പൂർമുഴി ഡി.എം.സി. ചാലക്കുടി മുതൽ മലക്കപ്പാറ വരെയുള്ള ആകർഷക സ്ഥലങ്ങൾ കോർത്തിണക്കിക്കൊണ്ട് ജംഗിൾ സഫാരി ടൂർ പാക്കേജ് ദിവസേന നടത്തി വരുന്നു. കാലടി-മലയാറ്റൂർ-ആതിരപ്പള്ളി ടൂറിസം സർക്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസന ത്തിനായി പദ്ധതി തയ്യാറാക്കി വരുന്നു.

| | |
|---|---|
| ബി) ആതിരപ്പള്ളി ടൂറിസ്റ്റുകൾക്ക് അടിസ്ഥാനസൗകര്യ മൊരുക്കി യാത്രാനിവാസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | ബി) കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു യാത്രി നിവാസ് നിർമ്മിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഏജൻസികളുടെ യോഗം ചേർന്ന് തുടർനടപടി സ്വീകരിച്ചു വരുന്നു. |
| സി) ആതിരപ്പള്ളിയിൽ മലമ്പുഴ മോഡൽ കാർ റോപ്പ് വേ, തുമ്പൂർമുഴിയിൽ അക്വേറിയം, മ്യൂസിക്കൽ ഫൗണ്ടൻ, സ്കൈ ട്രയിൻ എന്നിവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) മലമ്പുഴ മോഡൽ റോപ്പ് വേ, അക്വേറിയം, സ്കൈ ട്രെയിൻ, തുടങ്ങിയ പദ്ധതികളുടെ സാദ്ധ്യതാപഠനം നടത്തി ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്. തുമ്പൂർമുഴി യിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ